# ഊഹാപോഹങ്ങൾ ശക്തം: കുരുമുളകിന്റെ നല്ല കാലം തുടരുമെന്ന് മാർക്കററ് ഇന്റലിജൻസ് സെന്റർ

കേരളത്തിൽ നവംബർ, ഡിസംബർ മാസങ്ങളിൽ നടക്കേണ്ടിയിരുന്ന കുരുമുളകിന്റെ വിളവെടുപ്പ് കാലാവസ്ഥാ വ്യതിയാനവും, കാലം തെററി പെയ്ത മഴയും മൂലം ജനുവരി മാസത്തിലേക്ക് നീണ്ടിരിക്കുന്നു. തന്മൂലം ഉടലെടുത്ത അവ്യക്തത മുതലെടുക്കുവാനായി സീസണിന്റെ തുടക്കത്തിൽ തന്നെ ഊഹകച്ചവടക്കാരും അവരുടെ ഏജന്റുമാരും സജീവമായി രംഗത്തുണ്ട്. വിലയെക്കുറിച്ച് പരസ്പരവിരുദ്ധമായ വാർത്തകൾ പ്രചരിപ്പിച്ച് വിപണിയിൽ സമ്മർദ്ദമുണ്ടാക്കുകയാണ് ഇവരുടെ ലക്ഷ്യം. കാലാവസ്ഥാ വ്യതിയാനവും, കൃഷി സഥലത്തിന്റെ വിസ്തൃതിയിൽ വരുന്ന കുറവും, ഉല്പാദനക്ഷമതയിലെ ഇടിവും കണക്കിലെടുക്കുമ്പോൾ കഴിഞ്ഞ സീസണിലേക്കാൾ കുരുമുളകിന്റെ ഉല്പാദനത്തിൽ കുറവുണ്ടാകുമെന്നും വർദ്ധിച്ചുവരുന്ന ഉപഭോഗം നിമിത്തം കുരുമുളകിന്റെ നല്ല കാലം 2012 സീസണിലും തുടരുമെന്നും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മാർക്കററ് ഇന്റലിജൻസ് സെന്റർ പുറത്തുവിട്ട പുതിയ പഠന റിപ്പോർട്ട് സൂചിപ്പിക്കുന്നു.

താഴെ പറയുന്ന ഘടകങ്ങൾ കുരുമുളകു വിപണിക്ക് ശക്തി പകരുമെന്ന് സെന്റർ വിലയിരുത്തുന്നു.

- ഇന്റർനാഷണൽ പെപ്പർ കമ്മ്യൂണിററിയുടെ (IPC) കണക്കുകൾ പ്രകാരം 2011 സീസണിൽ ആഗോള തലത്തിൽ 2,98,400 ടൺ കുരുമുളക് ഉല്പാദിപ്പിച്ചപ്പോൾ 2012 ലെ സീസണിൽ ഇതു 3,20,000 ടൺ ആയിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ഈ അവലോകനം ശരിയായി ഭവിച്ചാൽ തന്നെ ആഗോള തലത്തിലുള്ള ഉല്പാദന വർദ്ധനവ് വെറും 7 ശതമാനം മാത്രമാണ്. ആഗോള തലത്തിലുള്ള കുരുമുളകിന്റെ ഉപഭോഗത്തിൽ വരാവുന്ന വർദ്ധനവ് കണക്കിലെടുത്താൽ ഇത് അപര്യാപ്തമാണെന്നു കാണാം. പ്രസ്തുത കണക്കു പ്രകാരം, പ്രധാന കുരുമുളകുല്പാദക രാജ്യങ്ങളായ വിയററ്നാമിന്റെയും, ഇന്തോനേഷ്യയുടെയും 2012 ലെ ഉല്പാദനം യഥാക്രമം 1,10,000 ടണും, 41,000 ടണും ആയി നിജപ്പെടുത്തിയിരിക്കുന്നു. എന്നൽ, 2011 സീസണിൽ വിയററ്നാം 1,15,000 ടൺ കുരുമുളക് കയററുമതി ചെയ്യുകയും, 20,000 ടൺ കുരുമുളക് ഇറക്കുമതി ചെയ്യുകയുമുണ്ടായി. തന്മൂലം അവരുടെ പക്കൽ കാര്യമായ സ്റ്റോക്ക് ഇല്ലെന്നാണ് പൊതുവെ കരുതപ്പെടുന്നത്.
- കൊക്കൊ അരക്കനട്ട് സ്പൈസസ് ഡവലപ്മെന്റ് ഡയറക്ട്രേററ് തയ്യാറാക്കിയ കണക്കനുസരിച്ച് 2011 സീസണിൽ 48,000 ടൺ കുരുമുളകുല്പാദിപ്പിച്ചിരുന്ന ഇന്ത്യയിൽ, 2012 സീസണിലെ ഉല്പാദനം 43,000 ടൺ മാത്രമായിരിക്കും (10.42 ശതമാനം കുറവ്). എന്നാൽ വിപണി വൃത്തങ്ങൾ നൽകുന്ന സൂചനയനുസരിച്ച് ഈ സീസണിൽ ഇന്ത്യയിലെ കുരുമുളകുല്പാദനത്തിൽ 15 മുതൽ 25 ശതമാനം വരെയെങ്കിലും കുറവുണ്ടാകാനാണ് സാധ്യത. ചുരുങ്ങി വരുന്ന കൃഷി സഥലവും, ഉല്പാദനക്ഷമതയിലുള്ള കുറവും, കുരുമുളകു തിരിയിടുന്ന സമയത്തെ കാലം തെററി വന്ന മഴയുമാണ് ഇതിനു കാരണം. ഇടുക്കി പോലുള്ള കേരളത്തിലെ പ്രധാന കുരുമുളകുല്പാദന മേഖലയിൽ തൊഴിലാളി ക്ഷാമം മൂലം വിളവെടുപ്പ് വൈകുവാനുള്ള സാധ്യതയുമുണ്ട്.
- സ്പൈസസ് ബോർഡിന്റെ കണക്കനുസരിച്ച് 2010 ഏപ്രിൽ മുതൽ ഒക്ടോബർ വരെ ഇന്ത്യയിൽ നിന്ന് 10,350 ടൺ കുരുമുളക് കയററുമതി ചെയ്തപ്പോൾ 2011 ൽ ഇതേ കാലയളവിൽ 13,750 ടൺ കയററുമതി ചെയ്തിട്ടുണ്ട്. ഇത് 32.85 ശതമാനം വർദ്ധനവാണ് കാണിക്കുന്നത്. വിപണിയിൽ വില ഉയർന്നു നിന്ന സമയത്ത് കേരളത്തിലെ ഒട്ടുമിക്ക കർഷകരും അവരുടെ ചരക്ക് വിററഴിച്ചതിനാൽ കഴിഞ്ഞ സീസണിലെ സ്റ്റോക്ക് പരിമിതമാണ്. ഷെയർ മാർക്കററിലെ അനിശ്ചിതത്വം മൂലം നിക്ഷേപകരിൽ ഒരു വിഭാഗം കമ്മോഡിററി വിപണിയിലേക്ക് തിരിയുകയും, കുരുമുളകുപോലെ വില കൂടിനിന്ന ചരക്കുകൾ വാങ്ങിക്കൂട്ടുകയും ചെയ്തിട്ടുണ്ടായിരുന്നു. ഈ വിഭാഗം നടത്തുന്ന ക്രമരഹിതമായ വാങ്ങൽ വിററഴിക്കൽ പ്രക്രിയയാണ് വിപണിയിൽ ഇപ്പോൾ ചാഞ്ചാട്ടം ഉണ്ടാക്കുന്നതെന്ന് സെന്റർ കരുതുന്നു. ഇത്തരം ഊഹകച്ചവടത്തിൽ നിന്നുണ്ടാകുന്ന ചാഞ്ചാട്ടങ്ങളിൽ കർഷകർ ആശങ്കാകുലരാകേണ്ട കാര്യമില്ലെന്ന് സെന്റർ സൂചിപ്പിക്കുന്നു. ഇതിലൊരു വിഭാഗം കുരുമുളകു വിററഴിച്ച് ഏലത്തിൽ വൻ തോതിൽ നിക്ഷേപിക്കുന്നതായും റിപ്പോർട്ടുകളുണ്ട്.


➢ ഡോളറുമായുള്ള വിനിമയ നിരക്കിൽ രൂപയുടെ മൂല്യം കുറഞ്ഞുനിൽക്കുന്നതിനാൽ ആഗോള തലത്തിൽ ഇന്ത്യയിൽ നിന്നുള്ള കുരുമുളകിനു മൽസരക്ഷമതയേറും. ഇത് കയററുമതിയ്ക്ക് കൂടുതൽ അനുകൂല ഘടകമാണ്. അതേ സമയം ഇറക്കുമതിയെ നിരുൽസാഹപ്പെടുത്തുകയും ചെയ്യും.

ഇപ്രകാരം ഉല്പാദനത്തിലും, ലഭ്യതയിലുമുള്ള അനിശ്ചിതാവസ്ഥ കണക്കിലെടുത്തുകൊണ്ട് 1995 ജനുവരി മുതൽ 2011 ഡിസംബർ വരെയുള്ള കൊച്ചിയിലെ 17 വർഷത്തെ പ്രതിമാസ അൺഗാർബിൾഡ് കുരുമുളകു വിലയെ അടിസ്ഥാനമാക്കി സെന്റർ നടത്തിയ അപഗ്രഥനത്തിൽ, ജനുവരി മുതൽ മാർച്ച് വരെ താഴെ പറയുന്ന വില നിലവാരത്തിനാണ് സെന്റർ സാധ്യത കൽപ്പിക്കുന്നത്.

| Months | Predicted Price (Rs / Kg) |
|---|---|
| Jan'12 | 310 – 330 |
| Feb'12 | 325 – 345 |
| Mar'12 | 340- 360 |

കഴിഞ്ഞ വർഷം ഇതേ സമയം കൊച്ചിയിലെ ഗാർബിൾഡ് ചെയ്യാത്ത കുരുമുളകിന്റെ വില കിലോഗ്രാമിന് 209 മുതൽ 216 വരെയായിരുന്നു.

സീസണിന്റെ ആദ്യപകുതിയിൽ വിയററ്നാമിൽനിന്നുള്ള സ്വാധീനം കണക്കിലെടുത്തുകൊണ്ട് അവരുടെ നീക്കം ലോകമെമ്പാടും നിരീക്ഷിക്കുകയാണ്. അവർ കഴിഞ്ഞ വർഷം ചെയ്തതുപോലെ, ഒററയടിക്ക് ചരക്ക് വിററഴിക്കാതെ ഘട്ടം ഘട്ടമായി വിററഴിക്കുകയും, വെള്ളകുരുമുളകായി മാററുകയും ചെയ്താൽ, ഏപ്രിൽ, മെയ് മാസത്തോടെ കുരുമുളകു വിപണി കൂടുതൽ കരുത്താർജിക്കുമെന്നാണ് സെന്ററിന്റെ നിഗമനം.




Dr. K. Satheesh Babu, Professor & CCPI
K.Jayasree, SRF
For more details, visit www.amickau.nic.in, or www.kau.edu or
www.kauhort.in or Mail to: amickau@gmail.com or call at: 8129628797.